**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** **18-09-2025 - ൽ മറുപടിയ്ക്ക്**

**പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (പിഇറ്റിസി) ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ നിലവിൽ തിരുവനന്തപുരം-മണ്ണന്തല, എറണാകുളം-ആലുവ, പാലക്കാട് -കുഴൽമന്ദം, കോഴിക്കോട് എന്നീ ജില്ലകളിലായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു |
| (ബി) | പിഇറ്റിസി-യിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ മുഖേന കേരള പി എസ് സി, UPSC,RRB,SSC, പബ്ലിക് സെക്ടർ & പ്രൈവറ്റ് സെക്ടർ എന്നീ മത്സരപരീക്ഷകൾക്കുള്ള പരിശീലനവും CA,Typist,Stenographer എന്നീ മത്സരപരീക്ഷകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള പരിശീലനവുമാണ് നൽകിവരുന്നത് |
| (സി) | പിഇറ്റിസി ഇല്ലാത്ത ജില്ലകളിൽ അതു സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | 14 ജില്ലകളിലും (എല്ലാ നിയമസഭാ മണ്ഡലങ്ങളിലും) വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കുന്നതിന് വേണ്ടി പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വെർച്ചൽ ക്ലാസ് റൂമുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വെർച്ചൽ ക്ലാസ് റൂമുകൾ പണിയുന്നതിന്റെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസ്(ICFOSS) ന്റെ സ്റ്റുഡിയോ ഉപയോഗപ്പെടുത്തി പ്രീ റെക്കോർഡിങ് ക്ലാസ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് സജ്ജമാകുന്ന മുറയ്ക്ക് പി ഇ ടി സി ഇല്ലാത്ത |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ വെർച്ചൽ പി ഇ ടി സി സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ് |
| (ഡി) | എങ്കിൽ ഭാഷാ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന കാസർകോട് പോലെയുള്ള ജില്ലകൾക്ക് മുൻഗണന നൽകുമോ; | (ഡി) | 14 ജില്ലകളിലും (എല്ലാ നിയമസഭാ മണ്ഡലങ്ങളിലും) വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കുന്നതിന് വേണ്ടി പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകളിൽ അത്യാധുനിക സൗകര്യങ്ങളോട്ട കൂടിയ വെർച്ചൽ ക്ലാസ് റൂമുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വെർച്ചൽ ക്ലാസ് റൂമുകൾ പണിയുന്നതിന്റെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസ്(ICFOSS) ന്റെ സ്റ്റുഡിയോ ഉപയോഗപ്പെടുത്തി പ്രീ റെക്കോർഡിങ് ക്ലാസ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് സജ്ജമാകുന്ന മുറയ്ക്ക് പി ഇ ടി സി ഇല്ലാത്ത ജില്ലകളിൽ വെർച്ചൽ പി ഇ ടി സി സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ് |
| (ഇ) | ഒരു പിഇറ്റിസി സ്ഥാപിക്കാനാവശ്യമായ ചെലവ് എത്രയാണെന്നും സജ്ജമാക്കേണ്ട സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ഇ) | 14 ജില്ലകളിലും (എല്ലാ നിയമസഭാ മണ്ഡലങ്ങളിലും) വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കുന്നതിന് വേണ്ടി പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകളിൽ അത്യാധുനിക സൗകര്യങ്ങളോട്ട കൂടിയ വെർച്ചൽ ക്ലാസ് റൂമുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വെർച്ചൽ ക്ലാസ് റൂമുകൾ പണിയുന്നതിന്റെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസ്(ICFOSS) ന്റെ സ്റ്റുഡിയോ ഉപയോഗപ്പെടുത്തി പ്രീ റെക്കോർഡിങ് ക്ലാസ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് സജ്ജമാകുന്ന മുറയ്ക്ക് പി ഇ ടി സി ഇല്ലാത്ത ജില്ലകളിൽ വെർച്ചൽ പി ഇ ടി സി സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ